# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4283

16.12.2014-ൽ മറുപടിക്ക്

## മൃഗശാലകളിലെ സുരക്ഷ

ചോദ്യം

ശ്രീ. കെ.എൻ.എ. ഖാദർ :

ഉത്തരം

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മൃഗശാലകളിലെ മൃഗങ്ങളിൽ നിന്ന് സന്ദർശകർക്കോ ജീവനക്കാർക്കോ ഭീഷണി ഉണ്ടാകുന്നത് തടയുവാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ ; | (എ) | തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളിലെ എല്ലാ കൂടുകളിലും സന്ദർശകർ നിശ്ചിത അകലം പാലിക്കുന്നതിന് ശക്തമായ ബാരിക്കേട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. അപകടകാരികളായ മൃഗങ്ങളുടെ കൂടുകൾക്ക് സമീപം നിരീക്ഷണത്തിനായി താൽക്കാലിക ഗാർഡുമാരെ നിയോഗിച്ചിട്ടുണ്ട്. അനിഷ്ട സംഭവം ഉണ്ടായാൽ അടിയന്തിര സന്ദേശം നൽകുന്നതിനായി ജീവനക്കാർക്ക് വാക്കി ടോക്കി നൽകിയിട്ടുണ്ട്. കൂടുകൾക്ക് സമീപം നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ഡൽഹി മൃഗശാലയിൽ വെള്ളക്കടുവയുടെ മുമ്പിൽ വീണ സന്ദർശകന് ജീവൻ നഷ്ടപ്പെട്ടതിന്റെ വെളിച്ചത്തിൽ ഇവിടെയുള്ള സുരക്ഷാ സംവിധാനങ്ങൾ പുന:പരിശോധനയ്ക്ക് വിധേയമാക്കുമോ ; | (ബി) | ഡൽഹി മൃഗശാലയിലെ സംഭവത്തെ തുടർന്ന് ഇവിടെയുള്ള സുരക്ഷാ സംവിധാനങ്ങൾ പുന:പരിശോധനയ്ക്ക് വിധേയമാക്കി. സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മൃഗങ്ങളിൽ നിന്ന് പരുക്കേൽക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുവാൻ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മൃഗങ്ങളിൽ നിന്ന് പരിക്കേൽക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുവാൻ നിലവിൽ പദ്ധതികളില്ല. ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

Saradadevi

സെക്ഷൻ ഓഫീസർ